CC-0. In Public Domain. Digitization by eGangotri

കേരള സർക്കാർ

സംസ്ഥാന പുരാരേഖാവകുപ്പ്

പുരാരേഖാ ചരിത്രസത്യങ്ങളുടെ നേർസാക്ഷ്യങ്ങൾ

പുരാരേഖാവകുപ്പിലെ രേഖാശേഖരം



CC-0. In Public Domain. Digitization by eGangotri

വികസനത്തിന്റെ നാൾവഴികൾ

ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ, കാര്യവട്ടം

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ വിവിധ രേഖാശേഖരങ്ങളിലുള്ള ഏകദേശം 1.2 കോടിയോളം വരുന്ന താളിയോല രേഖകൾ കേന്ദ്രീകൃതമായി സംരക്ഷിക്കുന്നതിനും അവയുടെ ഗവേഷണത്തിനും പഠനത്തിനും സഹായകമാകും വിധം ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിട സമുച്ചയമാണ് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിനുള്ളിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്റർ. ഇതിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ നിർവ്വഹിക്കുകയുണ്ടായി. ഈ വർഷം നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ മാറ്റുന്ന പ്രവർത്തനം പൂർത്തീകരിക്കും.

താളിയോല രേഖ മ്യൂസിയം, തിരുവനന്തപുരം

വകുപ്പിന്റെ രേഖാശേഖരത്തിൽ ഉള്ള അത്യപൂർവ്വവും ചരിത്രത്തിലെ സുപ്രധാന നാൾവഴികളെ രേഖപ്പെടുത്തിയിട്ടുമുള്ള താളിയോല രേഖകളെ അധികരിച്ച് തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ സജ്ജമാക്കിയിട്ടുള്ള ഇന്ത്യയിലെ ആദ്യത്തെ മ്യൂസിയം ആണ് താളിയോല രേഖ മ്യൂസിയം. ഈ മ്യൂസിയത്തിന്റെ ഉദ്ഘാടനം 22/12/22 ന് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുകയുണ്ടായി.

വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം, വൈക്കം

അവശവിഭാഗങ്ങൾക്ക് വഴി നടക്കുന്നതിനുള്ള അവകാശത്തിനു വേണ്ടി വൈക്കത്ത് ആരംഭിച്ച ചരിത്ര പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്ന മ്യൂസിയം 2020 ജനുവരി 21 ന് ബഹു. തുറമുഖം, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

CC-0. In Public Domain. Digitization by eGangotri

ഇടുക്കി ജില്ലാ ഹെറിറ്റേജ് സെന്റർ, ഇടുക്കി

നമ്മുടെ നാടിന്റെ സാംസ്കാരിക സമ്പത്തായ പ്രാദേശിക ചരിത്ര രേഖകൾ കണ്ടെത്തി അവിടെത്തന്നെ സംരക്ഷണം നടത്തി സൂക്ഷിക്കുന്നതിനായി വകുപ്പ് ആരംഭിച്ചതാണ് ജില്ലാതല ഹെറിറ്റേജ് സെന്ററുകൾ. അവയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഇടുക്കിയിൽ ആരംഭിച്ച ഹെറിറ്റേജ് സെന്ററിൽ രേഖാ ശേഖരവും ഇടുക്കിയുടെ ചരിത്രം അനാവരണം ചെയ്യുന്ന ഗ്യാലറിയും പ്രവർത്തിച്ചുവരുന്നു. 2022 സെപ്റ്റംബർ 19 ന് ബഹു. തുറമുഖം, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ ഇടുക്കി ഹെറിറ്റേജ് സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായ സ്വകാര്യ രേഖകൾ സംരക്ഷിച്ചു നൽകുന്നതിനായി വകുപ്പ് വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ള നിരവധിയായ ചരിത്രരേഖകൾ ശാസ്ത്രീയ സംരക്ഷണം നൽകി സംരക്ഷിച്ചുവരുന്നു.
കൂടൽമാണിക്യം ക്ഷേത്രം സംബന്ധിച്ച രേഖകൾ, കണ്ണൂർ സെന്റ് ജോർജ് പള്ളി വക രേഖകൾ,
നിരണം ഓർത്തഡോക്സ് പള്ളിവക രേഖകൾ, മഹാകവി കുമാരനാശാന്റെ കയ്യെഴുത്തുപ്രതികൾ, കേശവദേവിന്റെ കയ്യെഴുത്തുപതികൾ എന്നിവ ഇതിൽപ്പെടുന്നു.

ചരിത്ര രേഖകളുടെ ശാസ്ത്രീയ സംരക്ഷണം

വകുപ്പിന്റെ പക്കലുള്ള അത്യപൂർവ്വമായ ചരിത്ര രേഖകൾ കാലത്തിന്റെ രൂക്ഷത മൂലം ഉണ്ടാവുന്ന നാശനത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനായി പ്രത്യേക പ്രോജക്ടുകൾ മുഖാന്തരം ശാസ്ത്രീയ സംരക്ഷണം നടത്തി സൂക്ഷിച്ചുവരുന്നു.

സൂചകങ്ങൾ തയ്യാറാക്കൽ

വകുപ്പ് ഏറ്റെടുക്കുന്ന നിരവധിയായ ചരിത്രരേഖകൾക്ക് ആവശ്യമായ സൂചകങ്ങൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ പ്രാവീണ്യമുള്ള ട്രെയിനിമാരെ ഉപയോഗിച്ച് പ്രോജക്ടുകൾ മുഖേന അവ തയ്യാറാക്കി വരുന്നു.

രേഖകളുടെ ഡിജിറ്റൈസേഷൻ

ചരിത്രരേഖകൾ ശാസ്ത്രീയ സംരക്ഷണം നടത്തി സൂക്ഷിക്കുന്നതിന്റെ ഭാഗമായി ആധുനിക സംവിധാനമായ ഡിജിറ്റൽ ഇമേജുകൾ തയ്യാറാക്കുകയും അവ പ്രത്യേക സോഫ്റ്റ്വെയറിന്റെ സഹായത്തോടുകൂടി ഗവേഷകർക്കും ആവശ്യക്കാർക്കും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

CC-0. In Public Domain. Digitization by eGangotri

കേരള പൊതുരേഖാ ബിൽ

2025 ൽ പുരാരേഖാ വകുപ്പിന്റെ പൊതുരേഖാ ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

ഇ – ഓഫീസ് സംവിധാനം

വകുപ്പിന്റെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുകയുണ്ടായി. മേഖല ഓഫീസുകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ വകുപ്പ് പൂർണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറും.

ട്രാൻസ്ലിറ്ററൈസേഷൻ സോഫ്റ്റ്വെയർ

പഴയകാല ലിപികൾ വായിക്കുവാൻ ഉള്ള പ്രയാസം പരിഹരിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുകൊണ്ട് പഴയ രേഖകൾ മൊഴിമാറ്റം നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ്വെയറിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം

വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സി.ഡിറ്റുമായി സഹകരിച്ചു കൊണ്ട് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ നിർമ്മാണം നടന്നുവരുന്നു.

കൂടാതെ രേഖാസംരക്ഷണവും ഭരണനിർവ്വഹണവും പൊതുജനങ്ങൾക്ക് ചരിത്രാവബോധം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നു.

കണ്ണൂർ പ്രദർശനഹാൾ

വിവിധ വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

പുരാരേഖാവകുപ്പിലെ പ്രധാന സേവനങ്ങൾ

ചരിത്രമൂല്യമുള്ള രേഖകൾ സ്വായത്തമാക്കുക, സംരക്ഷിക്കുക...
ഗവേഷണാനുമതി, രേഖകളുടെ പകർപ്പ് എന്നിവ നൽകുക...
പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിക്കുക...
രേഖകളുടെ ഡിജിറ്റൈസേഷൻ, കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി...
ചരിത്രരേഖകളുടെ പ്രസിദ്ധീകരണം...

ഓഫീസുകൾ

ഡയറക്ടറേറ്റ് നളന്ദ തിരുവനന്തപുരം, ഫോൺ : 0471-2311547
സെൻട്രൽ ആർക്കൈവ്സ് തിരുവനന്തപുരം 0471-2313759
മേഖലാ ഓഫീസ് എറണാകുളം 0484-2369686, മേഖലാ ഓഫീസ് കോഴിക്കോട് 0495-2373701

Printed at : Kerala State C-apt, TVPM